# സാമൂഹ്യശാസ്ത്രം I

## അധ്യായം 4



# ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

SPJ MTDMHSS THONDER

**1.** പ്ലാസിയുദ്ധം നടന്ന വർഷം

**1757**

**2.** ഒന്നാം സ്വാതന്ത്ര്യസമരം നടന്ന വർഷം

**1857**

**3.** ബ്രിട്ടീഷ് നയങ്ങളുടെ പ്രത്യാഘാതം ഇന്ത്യയിലെ കർഷകരെ ബാധിച്ചതെങ്ങനെ?

- ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഭൂനികുതിനയങ്ങൾ കർഷകരുടെ നട്ടെല്ലൊടിച്ചു.
- പരമാവധി വരുമാനമുണ്ടാക്കുക എന്നതായിരുന്നു നികുതിനയത്തിന്റെ ലക്ഷ്യം
- അമിതമായ നികുതി നിരക്കായിരുന്നു നടപ്പിലാക്കിയത്
- ഉൽപന്നങ്ങൾക്ക് പകരം നികുതി പണമായി നൽകണമായിരുന്നു.

**4.** ബ്രിട്ടീഷുകാർ ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ നടപ്പിലാക്കിയ ഭൂനികുതി സമ്പ്രദായങ്ങൾ ഏതെല്ലാം?

- ശാശ്വത ഭൂനികുതി വ്യവസ്ഥ -ബംഗാൾ, ബീഹാർ, ഒറീസ പ്രദേശങ്ങൾ
- റയട്ട്വാരി വ്യവസ്ഥ – ദക്ഷിണേന്ത്യൻ പ്രദേശങ്ങൾ
- മഹൽവാരി വ്യവസ്ഥ – വടക്കുപടിഞ്ഞാറൻ ഇന്ത്യ.

**5.** ശാശ്വതഭൂനികുതി വ്യവസ്ഥ നടപ്പിലാക്കിയ ബ്രിട്ടീഷ് ഗവർണർ ജനറൽ?

കോൺവാലീസ് പ്രഭു.

**6.** ശാശ്വതഭൂനികുതി വ്യവസ്ഥയുടെ സവിശേഷതകൾ എന്തെല്ലാം?

- ശാശ്വത ഭൂനികുതി വ്യവസ്ഥ -ബംഗാൾ, ബീഹാർ, ഒറീസ പ്രദേശങ്ങളിൽ നടപ്പിലാക്കി.

- ശാശ്വത ഭൂനികുതി വ്യവസ്ഥയിൽ ഒരു പ്രദേശത്തെ നികുതി പിരിച്ചെടുത്തിരുന്നത് സെമീന്ദാർ ആയിരുന്നു.
- നികുതി പിരിവിനധികാരമുണ്ടായിരുന്ന പ്രദേശത്തെ മുഴുവൻ ഭൂമിയുടെയും ഉടമസ്ഥൻ സെമീന്ദാർ ആയിരുന്നു.
- സെമീന്ദർമാർ ഭൂവുടമകളായതോടെ യഥാർഥ കർഷകൻ കുടിയാൻമാരായി മാറി.
- വിളവിന്റെ 60% വരെ കർഷകർ നികുതിയായി നൽകണമായിരുന്നു.
- വിളവ് മോശമായാലും നികുതി നൽകണമായിരുന്നു.
- നിശ്ചിത തീയതിയിൽ നികുതി പണമായി നൽകണമായിരുന്നു.

7. റയട്ട്വാരി വ്യവസ്ഥയുടെ സവിശേഷതകൾ എന്തെല്ലാം?

- റയട്ട്വാരി വ്യവസ്ഥ – ദക്ഷിണേന്ത്യൻ പ്രദേശങ്ങൽ നടപ്പിലാക്കി.
- കർഷകരിൽ നിന്ന് നേരിട്ട്  നികുതി പിരിച്ചു.
- ഭൂമിയുടെ ഉടമസ്ഥാവകാശം കർഷകനായിരുന്നു.
- നികുതി നിരക്ക് അമിതമായിരുന്നു.
- നികുതി നിരക്ക് ഇടയ്ക്കിടെ വർദ്ധിപ്പിച്ചു.

8. മഹൽവാരി വ്യവസ്ഥയുടെ സവിശേഷതകൾ എന്തെല്ലാം?

- വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ നടപ്പിലാക്കി.
- ഗ്രാമതലവന്മാർ നികുതി പിരിച്ചു.
- ഗ്രാമത്തെ (മഹൽ) ഒരു യൂണിറ്റായി കണക്കാക്കി നികുതി പിരിച്ചു.
- നികുതി നിരക്ക് അമിതമായിരുന്നു.

9. കൃഷിയുടെ വാണിജ്യവൽക്കരണം എന്നാലെന്ത്?

ഭക്ഷ്യവിളകൾക്കു പകരം നാണ്യവിളകൾ വൻതോതിൽ കൃഷിചെയ്തു, ഈ മാറ്റത്തെയാണ് കൃഷിയുടെ വാണിജ്യവൽക്കരണം എന്നു പറയുന്നത്.

10. ബ്രിട്ടീഷ് നയങ്ങൾ കൃഷിയുടെ വാണിജ്യവൽക്കരണത്തിലേക്ക് നയിച്ചതെങ്ങനെയാണ്?

- ഭക്ഷ്യവിളകൾക്കു പകരം നാണ്യവിളകൾ വൻതോതിൽ കൃഷിചെയ്തു, ഈ മാറ്റത്തെയാണ് കൃഷിയുടെ വാണിജ്യവൽക്കരണം എന്നു പറയുന്നത്.
- നിശ്ചിത തീയതിയിൽ തന്നെ നികുതി പണമായി നൽകണമായിരുന്നു.
- നികുതി നിരക്ക് അമിതമായിരുന്നു.
- അതുകൊണ്ട് കർഷകർ വിപണിയിൽ കൂടുതൽ വില ലഭിക്കുന്ന ഉൽപന്നങ്ങൾ കൃഷി ചെയ്യാൻ നിർബന്ധിതരായി.
- നീലം,പരുത്തി, കരിമ്പ്, തേയില, ചണം, എന്നിവ കൃഷി ചെയ്തു.

SPJ MTDMHSS THONDERNAD

- ഇന്ത്യൻ കൃഷിയിടങ്ങൾ യൂറോപ്പിനായി കൃഷിചെയ്യാൻ തുടങ്ങി.

## തുടർപ്രവർത്തനങ്ങൾ

**1.** ശാശ്വതഭൂനികുതി, റയട്ട്വാരി, മഹൽവാരി എന്നീ നികുതിവ്യവസ്ഥകളുടെ പ്രത്യേകതകൾ കണ്ടെത്തി ഡയഗ്രാം തയ്യാറാക്കുക.

**Prepared by**
**SHIBU P J**
**MTDMHSS THONDERNAD**
**WAYANAD**
**9747585905**

SPJ MTDMHSS THONDERNAD